# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5682** | **09/07/2012 ൽ മറുപടിക്ക്**

## ബദൽ സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ :<br>,, എം. എ. വാഹീദ് :<br>,, ആർ സെൽവരാജ് :<br>,, എം. പി. വിൻസെന്റ് : | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ബദൽ സ്കൂളുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാം ? | എ) 2011- മാർച്ചുവരെ മാത്രമേ സർവ ശിക്ഷാ അഭിയാന് ബദൽ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് അംഗീകാരം എം.എച്ച്.ആർ.ഡിയിൽ നിന്ന് ലഭിച്ചിരുന്നുള്ളൂ. ഇതിനുശേഷം സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) നമ്പർ 5872/2011/ജി.ഇഡി.എൻ തീയതി 30.12.2011 ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് പ്രകാരം ഈ സ്കൂളുകളുടെ പ്രവർത്തനം സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പിനെ ഏൽപ്പിക്കുകയുണ്ടായി. ഈ സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനായി 3 1/2 കോടി രൂപ 2012-13 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ബി) എത്ര ബദൽ സ്കൂളുകൾ സ്കൂളുകളാക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ; | ബി) 10 സെന്റോ അതിൽ കൂടുതലോ ഭൂമിയും കെട്ടിടവും ഉള്ള എല്ലാ ബദൽ സ്കൂളുകളെയും സർക്കാർ എൽ.പി. സ്കൂളുകളാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | സി) സർക്കാർ സ്കൂളുകളായി ഉയർത്താൻ തീരുമാനിച്ചിരിക്കുന്ന ബദൽ സ്കൂളുകൾ സന്ദർശിക്കാനും തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരെയും എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാരെയും (സർവ ശിക്ഷാ അഭിയാൻ) ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ